

### പാഴ്തെങ്ങുവെട്ടിയാൽ

# പകരം പണം, തൈ

**ആർക്കും പ്രയോജനമില്ലാത്ത കിഴവൻ തെങ്ങുകളുടെ കാലം കഴിയുന്നു. തെങ്ങുകൃഷി നന്നാക്കാൻ 478 കോടിരൂപയുടെ പദ്ധതിക്ക് തിരുവനന്തപുരം, തൃശൂർ, കൊല്ലം ജില്ലകളിൽ തുടക്കം**

■ സ്റ്റാഫ് ലേഖകൻ

ഒരാണ്ടിൽ എട്ടോ പത്തോ തേങ്ങ മാത്രം കായ്ക്കുന്ന കിഴവൻ തെങ്ങുകളുടെ ഭാരത്തിൽ നിന്നു കേരളത്തിനു മോചനം. സംസ്ഥാനത്തെ തെങ്ങിൻതോപ്പുകളിലേക്കു യൗവനം തിരികെ കൊണ്ടുവരാനുള്ള മഹാപദ്ധതിക്കു തുടക്കമായി.

തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത്. നാളികേര വികസനബോർഡും സംസ്ഥാന കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് 478 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നത്.

### ലക്ഷ്യങ്ങൾ

- ഉത്പാദനശേഷി തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക.
- ശാസ്ത്രീയ പരിപാലനത്തിലൂടെ തെങ്ങുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ഇടവിളക്കൃഷിയിലൂടെ തോട്ടത്തിൽ നിന്നുള്ള വരുമാനം കൂട്ടുകയും ചെയ്യുക.

### സവിശേഷതകൾ

- ക്ലസ്റ്റർ അഥവാ കർഷകക്കൂട്ടായ്മകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി ആഫീസറുടെ മേൽനോട്ടത്തിലാണ് ഇവയുടെ രൂപീകരണം. മേൽനോട്ടം വഹിക്കുന്നത് കൺവീനറായി തിരഞ്ഞെടുക്കപ്പെടുന്ന കർഷകൻ. ഇദ്ദേഹത്തിനു പുറമേ ഗ്രൂപ്പ് ലീഡർമാരുമുണ്ടാകും.
- പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കാനായി പഞ്ചായത്ത് പ്രസിഡൻറ്, കൃഷി ആഫീസർ, നാളികേര വികസന ബോർഡ് പ്രതിനിധി എന്നിവരടങ്ങുന്ന പ്രാദേശിക വികസനസമിതി രൂപീകരിക്കും.
- പദ്ധതിപ്രദേശത്തെ എല്ലാ കേരകർഷകർക്കും ആനുകൂല്യം ലഭിക്കും.

### ആനുകൂല്യങ്ങൾ

- തെങ്ങുവെട്ടിമാറ്റൽ: ഒരു ഹെക്ടറിൽ നിന്ന് ഉത്പാദനശേഷി തീരെ കുറഞ്ഞ 32 തെങ്ങ് വെട്ടി മാറ്റുന്നതിന് 13,000 രൂപ ധനസഹായം. തോട്ടത്തിലെ വിളവില്ലാത്തതും രോഗം ബാധിച്ചതുമായ എല്ലാ തെങ്ങുകളും വെട്ടിമാറ്റണം. എന്നാൽ ധനസഹായം 32-നു മാത്രം. ഇതിൽ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും ശേഷിക്കുന്നവയ്ക്ക് 250 രൂപ നിരക്കിലുമാണ് ആനുകൂല്യം. പത്തു സെൻറിൽ താഴെ സ്ഥലമുള്ള കർഷകർക്കു തെങ്ങുമുറിക്കുന്നതിന് പരമാവധി 500 രൂപയേ ലഭിക്കൂ. പരമാവധി നാലു ഹെക്ടറിൽ നിന്ന് 128 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 52,000 രൂപ വരെ ആനുകൂല്യം ലഭിക്കും.
- പകരം തൈവയ്ക്കൽ: തൈ ഒന്നിന് 20 രൂപ നിരക്കിൽ ധനസഹായം. ഒരേക്കർ സ്ഥലത്ത് തൈ ഉൾപ്പെടെ 70 തെങ്ങുകളേ അനുവദിക്കൂ.
- ശാസ്ത്രീയ പരിചരണമുറകൾക്ക്: ആദായം തരുന്ന തെങ്ങുകൾക്ക് സംയോജിത പരിപാലനമുറകൾ അവലംബിക്കാൻ

## ധനസഹായം

ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ രണ്ടു വർഷം ആനുകൂല്യം ലഭിക്കും. അതായത് ഒരേക്കറിന് മൂവായിരം രൂപ.

- തെങ്ങിൻെറ പുനരുജ്ജീവനത്തിനായി ഓരോ ക്ലസ്റ്ററിലും നടപ്പാക്കേണ്ട പരിപാലനമുറകളെക്കുറിച്ചുള്ള കലണ്ടർ തയാറാക്കണം.

### പുനരുജ്ജീവന പരിപാലനം

- തെങ്ങിൻചുവട്ടിൽനിന്ന് രണ്ടു മീറ്റർ വിട്ട് 25 സെ.മീ. ആഴത്തിൽ മേയ്-ജൂൺ മാസത്തിൽ തടമെടുക്കണം.
- അമ്ലത്വം കൂടിയ പ്രദേശങ്ങളിൽ മെയ്-ജൂൺ മാസത്തിൽ തെങ്ങൊന്നിന് ഒരു കിലോ എന്ന തോതിൽ കുമ്മായം തടത്തിൽ വിതറി മണ്ണുമായി ചേർക്കണം.
- ജൂൺ മാസത്തിൽ ജൈവവളങ്ങൾ ചേർക്കണം.
- താഴെ പറയുന്ന അളവിൽ രാസവളങ്ങൾ ചേർക്കണം.

യൂറിയ ..........................................40 ഗ്രാം
സൂപ്പർ ഫോസ്ഫേറ്റ് ..............1.10 കിലോ
മ്യൂറിയേറ്റ് ഓഫ്
പൊട്ടാഷ് ....................................1.10 കിലോ

നല്ല പരിചരണമുള്ള തോട്ടങ്ങൾ

യൂറിയ ........................................1.09 കിലോ
സൂപ്പർ ഫോസ്ഫേറ്റ് ...................2 കിലോ
മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് .........2 കിലോ

ഇതു കൂടാതെ മഗ്നീഷ്യം, ബോറോൺ



തുടങ്ങിയവയുടെ അഭാവം കാണുന്ന തോട്ടങ്ങളിൽ 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റും 250 ഗ്രാം ബോറാക്സും നൽകണം.

കരപ്രദേശങ്ങളിൽ ഒരു കിലോ കറിയുപ്പ് ജൂൺ-ജൂലൈ മാസങ്ങളിൽ നൽകുന്നതും നല്ലതാണ്.

- സംയോജിത കീടനിയന്ത്രണം, കളനിയന്ത്രണം, തണൽ ക്രമീകരണം, പുതയിടൽ; ജലസേചനം, മഴക്കുഴിനിർമാണം എന്നിവയിൽ ശ്രദ്ധിക്കണം.

### ഇടവിളക്കൃഷി

ഓരോ പ്രദേശത്തേക്കും യോജിച്ച ഇടവിളകളായ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൂട്ടായി കൃഷി ചെയ്ത് വിപണനം നടത്തണം. ഇതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേനയുള്ള സാമ്പത്തിക സഹായവും പ്രയോജനപ്പെടുത്താം.

ഓരോ ജില്ലയിലെയും പദ്ധതി നടത്തിപ്പിൻെറ വിശദാംശങ്ങൾക്ക് നാളികേര വികസന ബോർഡിൻെറ ചുവടെ പറയുന്ന ഡെപ്യൂട്ടി ഡയറക്ടർമാരുമായി ബന്ധപ്പെടുക.


തിരുവനന്തപുരം
ഫോൺ: 94470 65237
കൊല്ലം
ഫോൺ: 94470 96553
തൃശൂർ
ഫോൺ: 94477 58363


നാളികേര വികസന ബോർഡിൻെറ www.coconutboard.gov.in എന്ന വെബ്സൈറ്റിലും വിശദാംശങ്ങൾ ലഭ്യമാണ്.